പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2323 — 18.03.2015 ൽ മറുപടിക്ക്

## സർക്കാർ സേവനങ്ങൾക്ക് ഓൺ ലൈൻ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എൻ.എ. ഖാദർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന സർക്കാർ നൽകുന്ന എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിൽ ലഭ്യമാണോ;<br>(ബി) ഇല്ലായെങ്കിൽ ഇത്തരമൊരു സംവിധാനം ഒരുക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; | (എ) & (ബി) | എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനായി നൽകുവാൻ കഴിഞ്ഞിട്ടില്ല. വകുപ്പുകളുടെ കമ്പ്യൂട്ടറൈസേഷൻ, ഇന്റർനെറ്റ് ലഭ്യത, ഡിജിറ്റൽ സിഗ്നേച്ചർ, ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകി ഓൺലൈൻ സേവനത്തിന് പ്രാപ്തമാക്കുക, ഉപഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയവ ഉറപ്പാക്കിയ ശേഷമേ സേവനങ്ങൾ ഘട്ടം ഘട്ടമായി ഓൺലൈൻ വഴി നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) സർക്കാർ സേവനങ്ങൾക്കുള്ള എല്ലാ അപേക്ഷ ഫോറങ്ങളും സർക്കാർ വെബ് സൈറ്റിൽ നിലവിൽ ലഭ്യമാണോ; | (സി) | ഇല്ല. |
| (ഡി) ഇല്ലായെങ്കിൽ ഇത്തരം എല്ലാ അപേക്ഷാ ഫോറങ്ങളും സർക്കാർ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പരമാവധി അപേക്ഷ ഫോറങ്ങൾ വെബ് സൈറ്റിൽ ലഭ്യമാകുന്നതിനുള്ള നിരവധി ക്രമീകരണങ്ങൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. |
| (ഇ) സർക്കാർ സേവനങ്ങളെല്ലാം ഒരു വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നതിന് നിലവിലുള്ള ഒന്നിലധികം വെബ് സൈറ്റുകളെ സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) എങ്കിൽ ഈ സംവിധാനത്തിൽ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | 02-02-2015 ലെ G.O(Ms)03/2015/ITD ഉത്തരവ് പ്രകാരം ഐ. & പി. ആർ.ഡിയുടെ ഉടമസ്ഥതയിലുള്ള www.kerala.gov.in എന്ന വെബ് സൈറ്റിനെയും , കേരള സ്റ്റേറ്റ് ഐ. റ്റി മിഷന്റെ ഉടമസ്ഥതയിലുള്ള , www.eservices.kerala.gov.in നെയും സംയോജിപ്പിച്ച് www.kerala.gov.in എന്ന വിലാസത്തിൽ ഒരു ഏകീകൃത വെബ് സൈറ്റ് വഴി എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സർക്കാർ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**